# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4074** **24/08/2017-ൽ മറുപടിക്ക്**

**<u>ബെവ്കോ ഔട്ട് ലെറ്റുകൾ</u>**

| **<u>ചോദ്യം</u>** | | **<u>ഉത്തരം</u>** | |
|---|---|---|---|
| **ശ്രീ.മഞ്ഞളാംകുഴി അലി** | | **ശ്രീ. ടി.പി.രാമകൃഷ്ണൻ (തൊഴിലും, എക്സൈസും വകുപ്പ് മന്ത്രി)** | |
| (എ) | ബെവ്കോ ഔട്ട് ലെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലം നിശ്ചയിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; ഇവയ്ക്കെതിരെ പൊതുജനങ്ങളുടെ പരാതി ഉയരുന്ന പ്രദേശങ്ങളിൽ ഔട്ട് ലെറ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് യഥാസമയം നടപടി സ്വീകരിക്കാറുണ്ടോ; | (എ) | ബിവറേജസ് കോർപ്പറേഷൻ ഔട്ട് ലെറ്റുകൾ സ്ഥാപിക്കുന്നതിനായി കെട്ടിടങ്ങൾ തെരഞ്ഞെടുക്കുമ്പോൾ സംസ്ഥാന / ദേശീയപാതയിൽ നിന്നും 500 മീറ്ററും, വിദ്യാഭ്യാസ സ്ഥാപനങ്ങൾ,ശ്മശാനം, ആരാധനാലയങ്ങൾ, പട്ടികജാതി / പട്ടികവർഗ്ഗ കോളനികൾ എന്നിവയിൽ നിന്നും 200 മീറ്ററും അകലം പാലിക്കുന്നതും 2000 മുതൽ 5000 Sq.ft. വരെ സ്ഥല ലഭ്യതയും commercial വിഭാഗത്തിലുള്ളതും സുരക്ഷിതത്വം ഉള്ളതുമായ കെട്ടിടങ്ങൾ ആണ് ഷോപ്പിനുവേണ്ടി കണ്ടെത്തുന്നത്. പൊതുജനങ്ങളുടെ പരാതി ഉയർന്നുവരുന്ന സ്ഥലങ്ങളിൽ സ്ഥിതി ചെയ്യുന്ന ചില്ലറ വില്പനശാലകളുടെ നിയമവശം പരിശോധിച്ച് നടപടികൾ സ്വീകരിക്കാറുണ്ട്. |
| (ബി) | ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് പലപ്പോഴും ഔട്ട് ലെറ്റുകൾ സ്ഥാപിക്കുന്നതുമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഏതെങ്കിലും തരത്തിലുള്ള സഹായം ആവശ്യമായി വരാറുണ്ടോ; | (ബി) യും (സി) യും | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിൽ കോർപ്പറേഷനു ഷോപ്പ് തുടങ്ങുന്നതിന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ലൈസൻസ് ആവശ്യമാണ്. നിയമാനുസൃതമായി ലഭ്യമാക്കേണ്ട ലൈസൻസ് ലഭ്യമാക്കേണ്ടതല്ലാതെ മറ്റു സഹായം ഒന്നും തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും സാധാരണയായി ലഭ്യമാക്കേണ്ടതില്ല. |
| (സി) | എങ്കിൽ ഏത് രീതിയിലാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണം ആവശ്യമായി വരുന്നതെന്ന് അറിയിക്കുമോ? | | |

Sreedevi

**സെക്ഷൻ ഓഫീസർ**